## യൂണിറ്റ് 5: സ്കൂൾവിക്കി - പുതിയ ഉപയോക്താവ് (New User)

(നിലവിലുള്ള Password ലഭിക്കുന്നില്ലായെങ്കിൽ, പുതിയൊരു Username സൃഷ്ടിക്കാം.)

**സ്കൂൾ അധികാരികൾക്കും അധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും തുടങ്ങി ആർക്കും അംഗത്വം എടുക്കുകയോ തിരുത്തുകയോ ചെയ്യാം.**

- വിദ്യാലയങ്ങൾ, പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ സ്കൂൾകോഡ് ഉപയോക്തൃനാമമായി അംഗത്വം ഉണ്ടാക്കേണ്ടതും പ്രസ്തുത ഉപയോക്തൃനാമം ഉപയോഗിച്ച് യഥാസമയം നിരീക്ഷണം നടത്തേണ്ടതും തിരുത്തലുകൾ വരുത്തേണ്ടതുമാണ്.
- ലേഖനങ്ങളുടെ ആധികാരികത പരിഗണണിക്കുന്നത് അംഗത്വനാമം നോക്കിയാണ്.

- വിദ്യാലയങ്ങളുടെ ഔദ്യോഗിക ഇ-മെയിൽ വിലാസമാണ് അംഗത്വമുണ്ടാക്കുമ്പോൾ നൽകേണ്ടത്.
- **പുതിയ അംഗത്വമെടുക്കുന്നതിന്**, അംഗത്വ വിവരം നൽകുക
- ഇമെയിൽ വിലാസം സ്ഥിരീകരിക്കുക

സ്കൂളുമായി ബന്ധപ്പെട്ട താളുകൾ സ്കൂളിന്റെ പേരിലുള്ള ഉപയോക്തൃനാമം ഉപയോഗിച്ച് തിരുത്തുക. മറ്റുള്ള പേരിലുള്ള ഉപയോക്തൃനാമം ഉപയോഗിച്ച് തിരുത്തുന്നത് അനുവദിച്ചിട്ടുണ്ടെങ്കിലും പരമാവധി ഔദ്യോഗിക നാമം ഉപയോഗിക്കുക. മറ്റ് ഉപയോക്തൃനാമം ഉപയോഗിക്കുമ്പോൾ ഉപയോക്തൃതാളിൽ ഏതുസ്കൂളുമായി ബന്ധപ്പെടുന്ന ഉപയോക്താവാണ് എന്ന് രേഖപ്പെടുത്തേണ്ടതാണ്. അത്തരം വിവരം ലഭ്യമല്ലെങ്കിൽ ഇത്തരം തിരുത്തലുകൾ മായ്ക്കപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ഇത് സ്കൂൾ വിക്കിയുടെ വിശ്വാസ്യത നിലനിറുത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുള്ള മുൻകരുതലുമാണ്.

- **അംഗത്വമെടുക്കുന്നതെങ്ങനെയെന്ന് വളരെ വിശദമായി ഈ പേജിൽ കാണാം**
- **നിലവിൽ അംഗത്വമുള്ളവർക്ക് ലോഗിൻ ചെയ്യാലും തിരുത്താനാവുന്നില്ലെങ്കിൽ ഈ താളിലെ ക്രമീകരണങ്ങൾ ചെയ്യൂ.**

---







